## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 211

08.07.2010-ൽ മറുപടിക്ക്.

## വ്യവസായ രംഗത്തെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. പി. ജയരാജൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്ന ശേഷം വ്യവസായ രംഗത്ത് എന്തുമാത്രം വളർച്ച നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 2008-2009 വർഷത്തെ വ്യവസായ വളർച്ചാ നിരക്ക് 12.62% ആണ്. ഈ സർക്കാർ വന്നശേഷം ചെറുകിട വ്യവസായ രംഗത്ത് അഭിമാനാർഹമായ വളർച്ച ഉണ്ടായിട്ടുണ്ട്. ഭക്ഷ്യ ഉൽപന്ന വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, ലൈറ്റ് എൻജിനീയറിംഗ്, ഐ.റ്റി മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ, കരകൗശല മേഖലയിൽപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ,ആയുർവേദ ഉൽപന്ന വ്യവസായങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ മേഖലകളിൽ കൂടുതൽ വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) പുതുതായി എത്ര വൻകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിച്ചു ;<br><br>(സി) ഇവയുടെ മൊത്തം മുതൽ മുടക്ക് എത്രയാണ് ; | (ബി)-യും (സി)-യും<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യ--ത്തിൽ 13 വൻകിട വ്യവസായങ്ങളും 8 ഇടത്തരം വ്യവസായങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇവയിൽ വൻകിട വ്യവസായങ്ങളുടെ മുടക്കു മുതൽ 245.17 കോടി രൂപയും, ഇടത്തരം വ്യവസായങ്ങളുടേത് 48.44 കോടി രൂപയുമാണ്.<br>കെ.എസ്.ഐ.ഡി.സി-യുടെ സഹകരണ--ത്തോടെ 39 ഇടത്തരം വൻകിട വ്യവസായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ മൊത്തം മുടക്കുമുതൽ 81219.21 ലക്ഷം രൂപയാണ്. |

(തുടർച്ച.....2)

| | |
|---|---|
| (ഡി) പുതിയ വ്യവസായങ്ങൾ ആരംഭിച്ചതു മൂലം എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ഡി) പുതിയ വൻകിട വ്യവസായങ്ങൾ ആരംഭിച്ചതു മൂലം 2601 പേർക്ക് നേരിട്ടും, 1540 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾമൂലം 1,64,335 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ സംരംഭങ്ങൾ മുഖേന 8397 പേർക്ക് തൊഴിൽ ലഭിക്കുകയുണ്ടായി. |
| (ഇ) കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് എത്ര പദ്ധതികൾക്ക് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് ; ഈ പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 66 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇവയിൽ 9 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു 16 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും പശ്ചാത്തല സൗകര്യ വികസനവും പൂർത്തിയാകുന്നതോടു കൂടി മറ്റു പദ്ധതികൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 212 — 8/07/2010-ൽ മറുപടിക്ക്

### നെയ്ത്തുകാർക്കു വേണ്ടിയുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നെയ്ത്തുകാർക്ക് വേണ്ടി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക എത്രയാണ്; ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടേയും നെയ്ത്തുകാരുടേയും വിഹിതം എത്ര വീതം; പ്രസ്തുത ഇനത്തിൽ സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുക ചെലവഴിച്ചു; | (ബി) കൈത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിനും യന്ത്രത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിനും 330 രൂപയാണ് പ്രീമിയം.<br>ഇതിൽ കേന്ദ്ര വിഹിതം - 150/- രൂപ<br>നെയ്ത്തുകാരന്റെ വിഹിതം - 80/- രൂപ<br>എൽ. ഐ.സി വിഹിതം - 100/- രൂപ<br>ആകെ 330/- രൂപ<br><br>കേരളത്തിൽ നെയ്ത്തുകാരന്റെ വിഹിതം സംസ്ഥാന സർക്കാർ അടയ്ക്കുകയാണ്. പ്രസ്തുത ഇനത്തിൽ സംസ്ഥാന സർക്കാർ 2004-05 മുതൽ 2009-10 വരെ 37,82,279/- രൂപ ചെലവഴിക്കുകയുണ്ടായി. |

(സി) പ്രസ്തുത ഇൻഷുറൻസ് പദ്ധതിയിലൂടെ നെയ്ത്തുകാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

(സി) കൈത്തറി നെയ്ത്തുകാർക്കും യന്ത്രത്തറി നെയ്ത്തുകാർക്കും ഉള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമുകളായ മഹാത്മാഗാന്ധി ബങ്കർ ബീമ യോജന (എം.ജി.ബി.ബി.വൈ) സ്കീമിലൂടെ നെയ്ത്തുകാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വാഭാവിക മരണം സംഭവിച്ചാൽ - 60,000/- രൂപ
2) അപകട മരണം സംഭവിച്ചാൽ - 1,50,000/- രൂപ
3) അപകടം മൂലം പൂർണ്ണമായ വൈകല്യം സംഭവിച്ചാൽ - 1,50,000/- രൂപ
4) അപകടം മൂലം ഭാഗികമായി വൈകല്യം സംഭവിച്ചാൽ - 75,000/- രൂപ

ഇതു കൂടാതെ പ്രസ്തുത സ്കീമിൽ അംഗങ്ങളായ നെയ്ത്തുകാരുടെ, തോൽക്കാതെ പഠിക്കുന്ന രണ്ട് കുട്ടികൾക്ക് IX, X, XI, XII ക്ലാസുകളിലേയ്ക്ക് ശിക്ഷാ സഹയോഗ് യോജന പദ്ധതി പ്രകാരം പാദവാർഷികമായി 300 രൂപാ വീതം സ്കോളർഷിപ്പ് പരമാവധി 4 വർഷം വരെ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 213

08.07.2010-ൽ മറുപടിയ്ക്ക്

## ജലവിഭവ വകുപ്പിൽ ഇ-ടെൻഡർ സംവിധാനം.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. എ.എ. അസീസ് | | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ബഹു.ജല വിഭവ വകുപ്പ്മന്ത്രി) |
| എ ജലവിഭവകുപ്പിൽ കരാറുകളിൽ ഇ-ടെൻഡർ സംവിധാനം ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ; | എ | കേരള വാട്ടർ അതോറിറ്റി യിൽ ഒന്നര കോടി രൂപയ്ക്ക് മുകളിലുള്ള കരാറുകൾ ഇ- ടെൻഡറിംങ് വഴിയാണ് നല്കുന്നത്. ജലസേചന വകുപ്പിലും ഇ-ടെൻഡർ സംവിധാനം ഏർപ്പെടുത്തുവാൻ ആലോചനയുണ്ട്. |
| ബി ഇ- ടെൻഡർ സംവിധാനം നടപ്പിലാക്കുക വഴി എന്തെല്ലാം നേട്ടങ്ങളാണ് വകുപ്പിന് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ? | ബി | ഇ- ടെൻഡറിംങ് വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയ ശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒരുപരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ജലഅതോറിറ്റിയിൽ പ്രത്യേകമായി എൻറോൾ ചെയ്ത് യൂസർ ഐഡി, പാസ്‌വേഡ്എന്നിവ ലഭിച്ച കരാറുകാർക്കും സപ്ളൈയർമാർക്കും ഇന്റർനെറ്റു മുഖേന ഇതു ലഭ്യമാക്കുന്നതിനാൽ യഥാർത്ഥ താത്പര്യമുള്ള കരാറുകാർ മാത്രം ടെൻഡറിൽ പങ്കെടുക്കുന്നതിനാൽ ടെൻഡറുകൾക്ക് കൂടുതൽ മത്സര സ്വഭാവം കൈവന്നിട്ടുണ്ട്. ശുദ്ധജല പദ്ധതികൾ , സ്വീവറേജ് പദ്ധതികൾ എന്നിവയുടെ വിവിധ പ്രവൃത്തികൾക്കും സാധന സാമഗ്രികൾവാങ്ങുന്ന ടെൻഡറുകൾക്കും ഇ- ടെൻഡറിംങ് പ്രയോജനപ്രദമാണ്. ടെൻഡറിന്റെ സ്ഥിതി വിവരങ്ങൾ ടെൻഡർ തുറക്കുന്ന സമയംതന്നെ ഇന്റർ നെറ്റിലൂടെ അറിയുവാൻ സാധിക്കും. ടെൻഡർ നടപടികൾ കൂടുതൽ സുതാര്യമാവുകയും ചെയ്തിട്ടുണ്ട്. കോൺട്രാക്ടർമാർ തമ്മിൽ ചേർന്ന് |

അധിക തുക ക്വോട്ട് ചെയ്യുന്നതിനുള്ള അവസരം ഒഴിവാക്കുവാനും ഇ-ടെൻഡറിംങ് സഹായകമാകും.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 214

08.07.2010-ൽ മറുപടിക്ക്.

## വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി നിക്ഷേപക സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സർക്കാർ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസർഗോഡ്, കോട്ടയം, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസർഗോഡ്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, മണ്ണാർക്കാട്, കൊച്ചി, തിരുപ്പൂർ, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങ--ളിലും നിക്ഷേപക സംഗമങ്ങൾ നടന്നു. |
| (ബി) കൊച്ചിയിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ എത്ര പേർ രജിസ്റ്റർ ചെയ്തു ; ഈ സംഗമത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) കൊച്ചിയിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ 531 പേർ രജിസ്റ്റർ ചെയ്തു. 31.03.2010 വരെ 465 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. 125 കോടി രൂപയുടെ ധാരണാ പത്രങ്ങൾ വിവിധ ഏജൻസികളു--മായി ഒപ്പു വെച്ചതിൽ 30 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) കെ.എസ്.ഐ.ഡി.സി-യും കിൻഫ്രയും നടത്തിയ നിക്ഷേപക സംഗമങ്ങളിൽ എത്ര കോടി രൂപയുടെ ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട് ; | (സി) കെ.എസ്.ഐ.ഡി.സി നടത്തിയ സംഗമങ്ങളിൽ 64 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച് ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. ഈ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 5148 കോടി രൂപയാണ്. കിൻഫ്ര നടത്തിയ സംഗമങ്ങളിൽ കാസർഗോഡ് കിൻഫ്രാ പാർക്കിൽ 294 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും തൃശ്ശൂർ മീറ്റിലൂടെ കൊരട്ടി പാർക്കിൽ 225 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും ലഭ്യമായി. കണ്ണൂരിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ ധാരണാപത്രം ഒപ്പിട്ടുവെങ്കിലും നിക്ഷേപത്തിന്റെ വിശദാംശങ്ങൾ സംരംഭകർ ലഭ്യമാക്കിയിട്ടില്ല. |

(തുടർച്ച....2)

(ഡി) നിക്ഷേപക സംഗമങ്ങളിലെ ധാരണാപത്ര പ്രകാരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

(ഡി) കെ.എസ്.ഐ.ഡി.സി-യുടെ സംഗമങ്ങളിൽ 9 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. മറ്റ് 16 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. കെ.എസ്.ഐ.ഡി.സി-യുടെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും, കിൻഫ്രയുടെ പാർക്കുകളിലും അടിസ്ഥാന സൗകര്യ വികസനവും പശ്ചാത്തല സൗകര്യ വികസനവും പൂർത്തിയാകുന്നതോടുകൂടി കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 215**

**08.07.2010 - ൽ മറുപടിക്ക്**

## നദികൾ മാലിന്യവിമുക്തമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. വി.എൻ.വാസവൻ ;
ശ്രീ. എം.ജെ.ജേക്കബ് ;
ശ്രീ. എം.ഹംസ ;

**ഉത്തരം**

ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പുമന്ത്രി)

എ) സംസ്ഥാനത്തെ നദികൾ മാലിന്യവിമുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

എ) സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ മാലിന്യവിമുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പുചെലവുള്ള കർമ്മ പദ്ധതികളുടെ രൂപരേഖകൾ തയ്യാറാക്കി 1997-ൽ കേന്ദ്രസർക്കാരിനു സമർപ്പിച്ചിരുന്നു. 320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പിലാക്കാനായി 18.45 കോടി രൂപ സംസ്ഥാന സർക്കാരിനു അനുവദിക്കുകയുമുണ്ടായി. പമ്പാ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുന്നതോടൊപ്പം മാത്രമേ രണ്ടാംഘട്ടത്തിന്റെ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ബി) നദികളിലെ മാലിന്യത്തിന്റെ തോത് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

ബി) നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേന്ദ്രമലിനീകരണനിയന്ത്രണബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിവിധ നദികളിൽ 64 സ്ഥലങ്ങളിൽ ക്രമമായി ജലഗുണനിലവാരം പരിശോധന നടത്തി വരുന്നു. കൂടാതെ സംസ്ഥാന ബോർഡ് സ്വന്തമായി നടത്തുന്ന സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിവിധ നദികളിലായി 119 സ്ഥലങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് നദീജലഗുണനിലവാരം തിട്ടപ്പെടുത്തുന്നു. പെരിയാർ നദീജല ഗുണനിലവാരം തുടർച്ചയായി തിട്ടപ്പെടുത്തുന്നതിനായി ഒരു ജലഗുണനിലവാര പരിശോധനാ സ്റ്റേഷൻ (Continuous Ambient Water Quality Monitoring Station) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

സി) വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നദികളിലേക്ക് തള്ളുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

സി) വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണം തടയാൻ 1974-ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമ പ്രകാരമുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നു. ഈ നിയമമനുസരിച്ച് വ്യവസായശാലകളും മറ്റു സ്ഥാപനങ്ങളും പുതുതായി സ്ഥാപിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ ബോർഡിന്റെ സ്ഥാപനാനുമതി പത്രം നേടിയിരിക്കണം. സ്ഥാപനാനുമതി പത്രത്തിലെ നിബന്ധനകൾ പാലിച്ചാലേ പ്രവർത്തനാനുമതി നൽകുകയുള്ളൂ. പ്രവർത്തനാനുമതിപത്രത്തിൽ പാഴ്ജലത്തിന്റെ പരമാവധി അളവ്, പാഴ്ജലത്തിലെ വിവിധ ഘടകങ്ങളുടെ പരിധി, ഒഴുക്കാവുന്ന സ്ഥാനം തുടങ്ങിയവ സംബന്ധിച്ച് നിബന്ധനകൾ ഉൾപ്പെടുത്തയിരിക്കും. ഇവ പാലിക്കുന്നുവോയെന്ന് ഇടയ്ക്കിടെ സ്ഥാപനങ്ങളുടെ മലിനജല ശുദ്ധീകരണ പ്ലാന്റ് പരിശോധിച്ചും പാഴ്ജല നിർഗമന സ്ഥാനങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചും ബോർഡ് ഉറപ്പാക്കുന്നു. നിബന്ധനകൾ പാലിക്കുന്നതിൽ ആവർത്തിച്ചു വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കുകയോ പ്രവർത്തനം പരിമിതപ്പെടുത്തുകയോ അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തുവരുന്നു.

ഡി) നദികളിലെ മാലിന്യം തടയുന്നതിന് പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ആരോഗ്യം, വ്യവസായം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

ഡി) നദികൾ മാലിന്യ വിമുക്തമാക്കുന്നതിനും നദീതടങ്ങളിലും മറ്റും പരിസ്ഥിതി സൗഹൃദ വികസന പദ്ധതികളും നടപ്പാക്കുന്നതിനും വേണ്ടി സംസ്ഥാനത്തിനാകെ മാതൃകയാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു Pilot പദ്ധതി എന്ന നിലയ്ക്ക് പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. പമ്പയുടെ സംരക്ഷണത്തിനും വികസനത്തിനുമായി രൂപീകരിച്ച പമ്പാനദിയുടെ അതോറിറ്റിക്ക് നിയമ പ്രാബല്യവും നൽകിയിട്ടുണ്ട് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രാതിനിധ്യത്തോടെയാണ് ഈ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷമേ ഇതുപോലെയുള്ള പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216 | 8.7.2010-ൽ മറുപടിക്ക് |
|---|---|

## സർക്കാർ ആശുപത്രികളിലെ ലബോറട്ടറികൾ നവീകരിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീമതി.പി അയിഷാ പോറ്റി<br>ശ്രീ. ബാബു.എം. പാലിശ്ശേരി<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ആശുപത്രികളിലെ ലബോറട്ടറികൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) സർക്കാർ ആശുപത്രികളിലെ ലബോറട്ടറികൾ നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ട്, എൻ.ആർ.എച്ച്.എം ഫണ്ടുകൾ, സുനാമി പുനരധിവാസ പദ്ധതി ഫണ്ട്, എന്നിവയിലൂടെയും ഐ.ഡി.എസ്.പി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവ വഴിയും ലാബിലേക്കാവശ്യമായ ഉപകരണങ്ങളും ടെസ്റ്റ് കിറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. NVBDCP, IDSP, RNTCP തുടങ്ങിയ ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി വിവിധ ലാബുകളിലെ പകർച്ചവ്യാധി രോഗ പരിശോധനാ സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആശുപത്രികളിൽ അവയുടെ പ്ലാൻ ഫണ്ടു വഴി ലബോറട്ടറി വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആരോഗ്യ വകുപ്പിലെ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം വഴി ലാബുകളിലേക്ക് ആധുനികാശുപത്രി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിലെ ലാബുകളുടെ പ്രവർത്തന സമയം ജീവനക്കാരുടെ ലഭ്യത അനുസരിച്ച് 24 മണിക്കൂറോ അല്ലെങ്കിൽ വൈകുന്നേരം വരെയോ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി കൂടുതൽ ലബോറട്ടറി ടെക്നീഷ്യൻമാരെ താൽക്കാലികാടിസ്ഥാനത്തിലും എൻ.ആർ.എച്ച്.എം വഴിയും നിയമിക്കുന്നുണ്ട്. |
| ബി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം എത്ര ലബോറട്ടറികൾക്ക് ലഭിച്ചിട്ടുണ്ട്; | ബി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം ഗവൺമെന്റ് ലബോറട്ടറികൾക്ക് ഇതുവരെ ലഭിച്ചിട്ടില്ല |

| | |
|---|---|
| (സി) കൂടുതൽ ലബോറട്ടറികൾക്ക് ബോർഡിന്റെ അംഗീകാരം നേടാൻ നടപടി സ്വീകരിക്കുമോ; | (സി) നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഡി) ലബോറട്ടറി നവീകരണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | (ഡി) പ്ലാൻ ഇനത്തിൽ ആശുപത്രികളിലെ ലബോറട്ടറി നവീകരണത്തിന് പ്രത്യേക ബഡ്ജറ്റ് ഹെഡ് നിലവിലില്ല. എന്നാൽ ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിലെ സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി ഇനത്തിൽ ഈ വർഷം അനുവദിച്ച 400 ലക്ഷം രൂപ ലാബുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കും. 2007-08 മുതൽ ആരോഗ്യ വകുപ്പിലെ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി ലാബുകളിലേക്കാവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി വരുന്നു. IDSP പ്രോഗ്രാമിന്റെ ഭാഗമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി 21,50,000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ എൻ.ആർ.എച്ച്.എം വഴിയും 100 ലക്ഷം രൂപ 2010-11 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (ഇ) ലബോറട്ടറി പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനു നടപടി സ്വീകരിക്കുമോ; | (ഇ) ലബോറട്ടറി പരിശോധനാ ഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ലബോറട്ടറി അക്രഡിറ്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി എൻ.ആർ.എച്ച്.എം വഴി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) ലബോറട്ടറി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എഫ്) ലബോറട്ടറി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലുമായി ലാബ് ടെക്നീഷ്യന്റെ 142 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ലാബ്ടെക്നീഷ്യന്റെ പി.എസ്.സി ലിസ്റ്റ് നിലവിലില്ല. അതിനാൽ ദിവസവേതനാടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 217 8.07.10ൽ മറുപടിക്ക്

സർക്കാരിന്റെ തുറമുഖനയമനുസരിച്ച് വികസിപ്പിക്കുന്ന തുറമുഖങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച്.കുഞ്ഞമ്പു | ശ്രീ. എം. വിജയകുമാർ |
| ശ്രീ.സി.കെ.സദാശിവൻ | (നിയമവും പാർലമെൻററികാര്യവും |
| ശ്രീ.സാജു പോൾ | സ്പോർട്ട്സും യുവജനക്ഷേമവും |
| ശ്രീ.എം.കെ പുരുഷോത്തമൻ | തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സർക്കാരിന്റെ തുറമുഖ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ | ഇല്ല. |
| ബി | തുറമുഖ നയത്തിൻെറ അടിസ്ഥാനത്തിൽ ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് തീരുമാനിച്ചു എന്നു വ്യക്തമാക്കുമോ ; | ബി | ബാധകമല്ല. |
| സി | സ്വകാര്യ പങ്കാളിത്തത്തോടെ ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; | സി | കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ ആണ് സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി | ഇതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | ഡി | മേൽ പ്രതിപാദിച്ചിട്ടുള്ള തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ 2010 ജൂലൈയിൽ പൂർത്തിയാക്കും. |

| | | | |
|---|---|---|---|
| ഇ | ആലപ്പുഴ തുറമുഖത്തിന്റെ വികസനസാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ഇ | ആലപ്പുഴ തുറമുഖത്തെ ഒരു മറീനയായും കാർഗോ പോർട്ടായും വികസിപ്പിക്കുന്നതിനായി പ്രൊജക്ട് തയ്യാറാക്കാൻ ഡിലോയിറ്റ് ടച്ച് തോമാത്സു എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. കൺസൾട്ടൻസി പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. |
| എഫ് | ആലപ്പുഴ തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങളും വികസന പദ്ധതിയും സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | എഫ്. | വിശദമായ സാദ്ധ്യതാ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 218 — 08 -07-2010-ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എം.ഹംസ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് യൂത്ത് വെൽഫെയർ ബോർഡിനെ സ്റ്റാറ്റ്യൂട്ടറിയായി പുന:സംഘടിപ്പിക്കുന്നതാണ്. യുവജനക്ഷേമ പരിപാടികൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ വരെ എത്തിക്കുന്നതിനായി യുവശക്തി പദ്ധതി നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളിൽ യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനും വികേന്ദ്രീകൃത ആസൂത്രണ നിർവഹണ പ്രക്രിയയിൽ യുവജനങ്ങളെ പങ്കാളികളാക്കുന്നതിനും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡിന്റെ യൂത്ത് സെന്ററുകളും യൂത്ത് കോ-ഓർഡിനേറ്റർമാരും പ്രവർത്തി |

ച്ചുവരുന്നു. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി യുവകർമ്മ സേന രൂപീകരിച്ചിട്ടുണ്ട് കൂടാതെ യുവജന കൂട്ടായ്മയായി കേരളോത്സവത്തെ വളർത്തിയെടുത്തിട്ടുണ്ട്. യുവാക്കളിൽ സാഹസിക ബോധം വളർത്തുന്നതിനായി അഡ്വഞ്ചർ കാർണ്ണിവലുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അഡ്വഞ്ചർ ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നുണ്ട്.

(ബി) ഈ വർഷം യൂത്ത്ഫോറം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ മേളയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2010 മെയ് 20 മുതൽ 27 വരെ മലപ്പുറം ജില്ലയിൽ വച്ച് കേരള യൂത്ത് ഫോറം സംഘടിപ്പിക്കുകയുണ്ടായി. അതോടനുബന്ധിച്ച് യൂത്ത് ഫോറം പ്രതിനിധി സെഷൻ, ദേശീയോദ്ഗ്രഥന ക്യാമ്പ്, അന്താരാഷ്ട്ര യൂത്ത് ഫിലിം ഫെസ്റ്റിവൽ, ഫോറം ഫോർ അഡോളസെൻസ് എംപവർമെന്റ്, വിമൺസ് ഫോറം, ഫോക് ഫെസ്റ്റ്, മലപ്പുറം പെരുമ, വ്യവസായ കേരളവും പ്രവാസി സമൂഹവും - സെമിനാർ, ടൂറിസം ശില്പശാല, മാധ്യമ രംഗത്തെ പ്രവണതകൾ - ശില്പശാല, കായിക രംഗവും യുവജനങ്ങളും - സെമിനാർ എന്നിവ 2010-ലെ യൂത്ത് ഫോറത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| (സി) യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘടനകൾക്ക് സ്വയംതൊഴിൽ പരിശീലനത്തിന് സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. 2009-10 വർഷം സ്വയംതൊഴിൽ പരിശീലനത്തിനായി കേരളത്തിലെ 141 ക്ലബ്ബുകൾക്ക് 16,30,000 / -രൂപ ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലേയും തിരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ 50 പേർക്ക് വീതം സൗജന്യ ഡി.റ്റി.പി പരിശീലനം നൽകാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. | |
| (ഡി) യുവാക്കളുടെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണ് ; | (ഡി) | കേരളത്തിലെ യുവാക്കളുടെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപ കേന്ദ്രവും പ്രവർത്തിക്കുന്നു. ടി അക്കാഡമികളുടെ ആഭിമുഖ്യത്തിൽ ട്രക്കിംഗ്, റിവർ ക്രോസിംഗ്, റോക്ക് ക്ലൈംബ്ബിംഗ്, ടിപ്പിച്ചുവരുന്നു. ടൂറിസം വികസനത്തിൽ സാഹസിക പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ ഏറിവരുന്ന സാഹചര്യത്തിൽ സഹസിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ട്രക്കിംഗ്,റിവർ ക്രോസിംഗ്, റോക്ക് ക്ലൈബ്ബിംഗ്, സീ സഫാരി, പാരാ ഗ്ലൈഡിംഗ് തുടങ്ങിയ | |

വയിൽ പരിശീലന പരിപാടികൾ ജില്ലാ തലങ്ങ
ളിലും സംഘടിപ്പിച്ചുവരുന്നു.

(ഇ) യുവാക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഇ) ത്വരിതപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 219

08.07.2010 - ൽ മറുപടിയ്ക്ക്

കിണറുകളിലെ കോളിഫോം ബാക്ടീരിയയുടെ അളവ്

ചോദ്യം

ശ്രീ. എ.പി.അനിൽകുമാർ
" ഡൊമിനിക് പ്രസന്റേഷൻ
" വി.ഡി.സതീശൻ
" എം.എ.വാഹിദ്

ഉത്തരം

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കിണറുകളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്ന് മുഴുവൻ കിണറുകളും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ ശുചീകരണ പദ്ധതികളാണ് ഇക്കാര്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(എ) (ബി) കിണറുകളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടുന്നതും സംബന്ധിച്ച് ഭൂജല വകുപ്പ് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ബാക്ടീരിയോളജിക്കൽ സ്റ്റഡീസിന് പ്രാധാന്യം നൽകികൊണ്ട് ഫെബ്രുവരി 2008 മുതൽ ഒരു പഠനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലുടനീളം 998 കിണറുകൾ തിരഞ്ഞെടുത്ത് നടത്തിവരുന്ന ഈ പഠനം, NIH ബെൽഗാം, ജലസേചന വകുപ്പ്, ഭൂജല വകുപ്പ് എന്നിവ സംയുക്തമായാണ് നടത്തിവരുന്നത്. ഒന്നാം ഘട്ടത്തിൽ നാല് പ്രാവശ്യം ജലസാമ്പിളുകൾ ശേഖരിച്ച് പഠനവിധേയമാക്കിയിരുന്നു. ഈ പരിശോധനയുടെ റിസൽട്ടുകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി ബെൽഗാമിന് അയച്ച് കൊടുക്കുകയും, താരതമ്യപഠനം നടത്തുകയുമുണ്ടായി. ഒന്നാം ഘട്ട

ത്തിൽ പഠനവിധേയമാക്കിയ 80% കിണറുകളിലും കോളിഫോം ബാക്ടീരിയ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒന്നാംഘട്ട പഠനത്തിന്റെ തുടർച്ചയായി രണ്ടാം ഘട്ടപഠനങ്ങളും ആരംഭി ച്ചിട്ടുണ്ട്. ആഴത്തിലുള്ള പഠനം ലക്ഷ്യമാക്കി നടത്തുന്ന ഈ പഠനത്തിൽ 998 കിണറുകളിൽ നിന്നും 396 കിണറുകൾ തിരഞ്ഞെടു ക്കുകയും അവയുടെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി വരികയും ചെയ്യുന്നു. ഇതിന്റെ പൂർത്തീകരണത്തിനു ശേഷം മാത്രമേ അനുയോജ്യമായ ശുചീകരണ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ സാധിക്കുക യുള്ളു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 220: 08/07/2010-ൽ മറുപടിക്ക്

ചെറുകിട വ്യവസായ മേഖലക്കുള്ള അടിസ്ഥാന സൗകര്യ വികസനം

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. ടി. എ. റഹീം
ശ്രീ. എം. എം. മോനായി

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ മേഖലയിലെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏതെല്ലാം ജില്ലകളിൽ മുഖാമുഖം പരിപാടി നടത്തി എന്ന് വെളിപ്പെടുത്തുമോ; | (എ) | ചെറുകിട വ്യവസായ മേഖലയിലെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മുഖാമുഖം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | മുഖാമുഖം പരിപാടിയിലൂടെ എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു; | (ബി) | മുഖാമുഖം പരിപാടിയിൽ ലഭിച്ച 578 പരാതികളിൽ 493 പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ചെറുകിട വ്യവസായ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സർക്കാർ | (സി) | ചെറുകിട വ്യവസായ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി സർക്കാർ ജില്ലകൾ തോറും വ്യവസായ വികസന പ്ലോട്ട്, |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളത്; | | വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന ഏരിയകൾ എന്നിവയും കെ.എസ്. ഐ. ഡി.സി., സിഡ്കോ, കിൻഫ്ര ഇവയുടെ നേതൃത്വത്തിൽ വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ പാർക്ക്, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം ഒരേ സ്വഭാവമുള്ള ചെറുകിട വ്യവസായങ്ങൾ ഒരുമിപ്പിച്ച് സംസ്ഥാനത്ത് പല സ്ഥലങ്ങളിലും കോമൺ ഫസിലിറ്റി സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആധുനിക സൗകര്യങ്ങൾ ഉള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകൾ പണിയുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ചെറുകിട വ്യവസായികൾക്കുള്ള പ്രൈസ് പ്രിഫറൻസ് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ഇത് നടപ്പിലാക്കിയത്? എന്ന് വ്യക്തമാക്കുമോ ? | (ഡി) | ചെറുകിട വ്യവസായികൾക്കുള്ള പ്രൈസ് പ്രിഫറൻസ് സംവിധാനം നിലവിലുണ്ട്. 12/10/1976 മുതലാണ് പ്രൈസ് പ്രിഫറൻസ് സംവിധാനം നടപ്പിൽ വന്നത്. എന്നാൽ 2005-ൽ ഇത് നിർത്തലാക്കിയിരുന്നു. 2008-ൽ ഈ സർക്കാർ പുന: സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 221 | 08 -07-2010-ൽ മറുപടിയ്ക്ക്

**രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ജെ.അരുന്ധതി:**<br>**ശ്രീ.വി.ശിവൻകുട്ടി:**<br>**ശ്രീ.വി.ജെ.തങ്കപ്പൻ.**<br>**ശ്രീ.ആർ.സെൽവരാജ്:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ)<br>കേരള സർക്കാർ ഉടമസ്ഥതയിലുള്ള രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി, സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ അംഗീകാരമുള്ള പറക്കൽ പരിശീലന കേന്ദ്രമാണ്. അക്കാഡമിയ്ക്ക് ഓഫീസ് കെട്ടിടങ്ങൾ, ഹാംഗർ, ഫ്യൂവൽ സ്റ്റോർ എന്നിവ പണിയുന്നതിന് 2.71 ഏക്കർ സ്ഥലം ചാക്ക എയർ ഇന്ത്യ എഞ്ചിനീയറിംഗ് ബേസിനോട് ചേർന്ന് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. M/s KITCO തയ്യാറാക്കിയ 4.3 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാർ അംഗീകരിക്കുകയും 1 കോടി രൂപ ഹാംഗർ പണിയുന്നതിനായി അക്കാഡമിയ്ക്ക് നൽകിയിട്ടുമുണ്ട്. |

| | |
|---|---|
| | രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സ്വന്തമായി ഗ്രൗണ്ട് സ്കൂൾ തുടങ്ങുകയും മുഖ്യ വൈമാനികൻ, അസിസ്റ്റന്റ് വൈമാനികർ, ചീഫ് ഗ്രൗണ്ട് ഇൻസ്ട്രക്ടർ, ഗ്രൗണ്ട് ഇൻസ്ട്രക്ടർമാർ തുടങ്ങിയവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പൈലറ്റ് ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിനും ഒരു ഡിഗ്രി കോഴ്സായി ഗ്രൗണ്ട് ക്ലാസ് മാത്രം തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് കോഴ്സ് ഫ്ലൈറ്റ് ഡെസ്പാച്ചർ, ക്യാബിൻ ക്രൂ എന്നിവ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. അക്കാഡമിയുടെ പുതിയ കെട്ടിടം പണി പൂർത്തിയായതിനു ശേഷം ഈ കോഴ്സുകൾ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി)<br>പ്രസ്തുത അക്കാദമിയിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; വിവിധ കോഴ്സുകളിലായി എത്ര കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി)<br>അക്കാഡമിയിൽ 27 ട്രെയിനികൾക്ക് കോമേഴ്സൽ പൈലറ്റ് പരിശീലനം നൽകി വരുന്നു. കൂടാതെ കേന്ദ്ര വ്യോമയാന വകുപ്പ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്പോൺസർ ചെയ്യുന്ന എയർ ക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 6 മാസവും എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് ഗ്രാജുവേറ്റിന് 18 മാസവും മെക്കാനിക്കൽ എഞ്ചിനീ |

| | |
|---|---|
| | യറിംഗ് ഗ്രാജുവേറ്റിന് 21 മാസവും ഓൺ ജോബ് ട്രെയിനിംഗ് നൽകി വരുന്നു. കൂടാതെ എഞ്ചിനീയറിംഗ് കോളേജിൽ എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് ബിരുദ പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ചെറിയ ഗ്രൂപ്പിന് In-Plant Training - ഉം നൽകി വരുന്നു. |
| (സി) സ്വകാര്യ സ്ഥാപനങ്ങളിലെ ഫീസ് നിരക്കിൽ നിന്നും പ്രസ്തുത സ്ഥാപനത്തിലെ ഫീസ് നിരക്ക് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) സ്വകാര്യ സ്ഥാപനങ്ങളിലെ ഫീസ് നിരക്കിനേക്കാൾ അക്കാദമിയിലെ ഫീസ് നിരക്ക കുറവാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ സെസ്ന 172 - വിമാനങ്ങൾക്ക് മണിക്കൂറിന് 10,000/- രൂപയും ഗ്ലാസ് കോക്പിറ്റ് വിമാനങ്ങൾക്ക് 11,500/- രൂപയും ഫീസായി ഈടാക്കുമ്പോൾ അക്കാദമിയിൽ നിലവിലുള്ള ബാച്ചിന് 7,000/- രൂപ മാത്രമാണ് ഫീസായി ഈടാക്കുന്നത്. |
| (ഡി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ തിരക്കു മൂലം പരിശീലനത്തിന് ആവശ്യമായ സമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഉണ്ട്. ഇക്കാര്യം സംബന്ധിച്ച് എയർപോർട്ട് അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. അക്കാഡമിയ്ക്ക് അനുയോജ്യമായ മറ്റൊരു എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.222 — 8.7.2010ൽ മറുപടിയ്ക്ക്

കുട്ടികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.പി.മോഹനൻ: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സയ്ക്കായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) | 2007 മുതൽ സർക്കാർ ആരംഭിച്ച സ്കൂൾ ആരോഗ്യപദ്ധതി നെഴ്സറി തലം മുതൽ +2 തലം വരെയുള്ള കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ കൗമാര ആരോഗ്യ പദ്ധതിയിലൂടെയും 12-നും 15-നും മദ്ധ്യേ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ സേവനം ലഭ്യമാക്കി വരുന്നു.<br>18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. **ക്യാൻസർ സുരക്ഷാ പദ്ധതി.** സംസ്ഥാനത്തുള്ള 18 വയസ്സിന് താഴെ പ്രായം വരുന്ന ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.<br>2. **താലോലം പദ്ധതി** സംസ്ഥാനത്തുള്ള 18 വയസ്സിന് താഴെ പ്രായം വരുന്ന |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് എല്ലാതരത്തിലുമുള്ള മാരകരോഗങ്ങൾ സൗജന്യമായി ചികിത്സിക്കുന്നതിനുള്ള പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിൽ നിന്നാണ് ലഭിക്കുന്നത്; ഏതൊക്കെ രോഗങ്ങളുടെ ചികിത്സയ്ക്കാണ് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | സ്കൂൾ ആരോഗ്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സാമൂഹ്യആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത്. വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗങ്ങൾ ഒഴിച്ചുള്ള മറ്റെല്ലാ രോഗങ്ങൾക്കും ഈ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാക്കി വരുന്നു.<br>ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്തെ താഴെപ്പറയുന്ന ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്.<br>1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.<br>2. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം.<br>3. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം.<br>4. ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ.<br>5. ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ.<br>6. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്.<br>7. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം.<br>8. ജനറൽ ആശുപത്രി, എറണാകുളം.<br>9. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ. |

10. പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ.
11. ഐ.എം.സി.എച്ച്, കോട്ടയം.
12. ഐ.എം.സി.എച്ച്, കോഴിക്കോട്

ഈ പദ്ധതി പ്രകാരം എല്ലാ തരത്തിലുമുള്ള ക്യാൻസർ രോഗങ്ങളും ചികിത്സിക്കുന്നതിനായി സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.

താലോലം പദ്ധതി പ്രകാരം താഴെപ്പറയുന്ന ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

1. റീജിയണൽ ക്യാൻസർ സെൻറർ, തിരുവനന്തപുരം.
2. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
3. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം.
4. ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ.
5. ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ.
6. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്.
7. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം.
8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി.
9. മലബാർ ക്യാൻസർ സെൻറർ, കണ്ണൂർ.
10. പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ.
11. ഐ.എം.സി.എച്ച്, കോട്ടയം.
12. ഐ.എം.സി.എച്ച്, കോഴിക്കോട്.

| | | |
|---|---|---|
| | | 13. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജി, തിരുവനന്തപുരം.<br>14. ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.<br><br>ഈ പദ്ധതി പ്രകാരം ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ (Chronic kidney disorders), കാർഡിയോ വാസ്ക്കുലർ വൈകല്യങ്ങൾ (ജന്മനാ/ആർജ്ജിതമായ), സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ, വില്ലൻബാരി എന്നീ രോഗങ്ങളും എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരായവരുടെ ചികിത്സയും, ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾക്ക്, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ ചികിത്സയും സർജറിയും വേണ്ടുന്ന ചെലവുകൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 223 8.07.2010-ൽ മറുപടിക്ക്

## മണൽ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ എം.എൽ.എ<br>പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ എം.എൽ.എ<br>ശ്രീ.കെ. കുഞ്ഞിരാമൻ എം.എൽ.എ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| എ) മണൽ ദൗർലഭ്യംമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) മണൽ ദൗർലഭ്യംമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിച്ച് ന്യായമായ വിലയ്ക്ക് വിതരണം നടത്തി വരികയാണ്.<br>അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും നിർമ്മാണ ആവശ്യത്തിലേക്ക് മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാനത്ത് മണൽ ഇറക്കുമതി ചെയ്യുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മെസേഴ്സ് കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും അതുപോലെ പൊതു മാർക്കറ്റിൽ മണൽ ഇറക്കുമതി ചെയ്യുന്നതിനായി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എം. സാൻഡിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| ബി) മണൽ ഇറക്കുമതി ചെയ്യുന്നതിന് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ;<br>സി) അന്യരാജ്യങ്ങളിൽ നിന്നും എത്ര മെട്രിക് ടൺ മണൽ സംസ്ഥാനത്ത് ഇറക്കുമതി ചെയ്തിട്ടുണ്ട്; | ബി) & സി) ഇത് സംബന്ധിച്ച കണക്ക് ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തിനകത്തു മണൽ പരമാവധി ചൂഷണം ചെയ്യുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചത്; | ഡി) | പ്രധാനമായും ഡാമുകളിൽ നിന്നും മണൽ ഖനനം ചെയ്തെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിനു പുറമേ കരമണൽ ഖനനം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതി നൽകുന്നുണ്ട്. |
| ഇ) | ഇപ്പോൾ കുറഞ്ഞ നിരക്കിൽ മണൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ? | ഇ) | കെംഡെൽ, കലവറ എന്നീ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഡാമിൽ നിന്ന് ഖനനം ചെയ്ത മണൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 08.07.2010 - ൽ മറുപടിയ്ക്ക്

ചോദ്യം നം. : 224

## പ്ലാച്ചിമടയിലെ പരിസ്ഥിതിനാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>,, പി.സി.ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, ജോസഫ്.എം.പുതുശ്ശേരി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പ്ലാച്ചിമടയിലെ പരിസ്ഥിതി നാശത്തെ പ്പറ്റി പഠിക്കുന്നതിന് ജലവിഭവ വകുപ്പ് രൂപവൽക്കരിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചത്; സമിതിയുടെ പ്രധാന കണ്ടെത്തലു കൾ എന്തെല്ലാമാണ്; | (എ) ഉണ്ട്. മാർച്ച് 2010-ലാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. സമിതിയുടെ പ്രധാന കണ്ടെത്തലുകളുടേയും ശുപാർശകളുടേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; | (ബി) ഉന്നതാധികാര സമിതി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുകയും പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ട ത്തിന് പരിഹാരം നിർദ്ദേശി ക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കു ന്നതിനും ആയതിലേക്കുള്ള നിയമനിർമ്മാണം നടത്തുന്ന തിനായി നിയമവകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം കൊക്കോകോള കമ്പനി എത്ര തുകയുടെ നഷ്ടമാണ് വരുത്തിയത്; | (സി) കമ്പനി 216.26 കോടി രൂപയുടെ നഷ്ടം വരുത്തി യിട്ടുള്ളതായി ഉന്നതാധികാര സമിതി റിപ്പോർട്ട് ചെയ്യുന്നു. |

....2

| | |
|---|---|
| (ഡി) ദുരിതബാധിതർക്ക് എപ്രകാരം നഷ്ടപരിഹാരം നൽകണമെന്നാണ് സമിതി ശുപാർശ ചെയ്യുന്നത്; | (ഡി) സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) പ്ലാച്ചിമടയിലെ ചൂഷണത്തിനിരയായവർക്ക് താമസംവിനാ നഷ്ടപരിഹാരം ലഭിക്കുന്ന തരത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) ഉന്നതാധികാര സമിതി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുകയും പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശവാസികൾക്കുണ്ടായ നഷ്ടത്തിന് പരിഹാരം നിർദ്ദേശിക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും ആയതിലേക്കുള്ള നിയമനിർമ്മാണം നടത്തുന്നതിനായി നിയമവകുപ്പിനെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

സമിതി റിപ്പോർട്ട് ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 225 — 08 -07-2010-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നീന്തൽ കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ:**<br>**ശ്രീ.വി.ശിവൻകുട്ടി:**<br>**ശ്രീ.സി.കെ.സദാശിവൻ:**<br>**ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:** | | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>സംസ്ഥാനത്തെ നീന്തൽ കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം/ നീന്തൽക്കുളം എന്ന പദ്ധതി പ്രകാരം നീന്തൽക്കുളം നവീകരിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേനയും സ്പോർട്സ് ഡയറക്ടറേറ്റ് മുഖേനയും സാമ്പത്തിക സഹായം നൽകിവരുന്നു. |
| (ബി)<br>ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഏതെല്ലാം നീന്തൽ കുളങ്ങളാണ് പുനരുദ്ധരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) | 35-ാം ദേശീയ ഗെയിംസിലെ നീന്തൽ മത്സരങ്ങൾക്ക് വേദികളായി നിശ്ചയിച്ചിരിക്കുന്നത് തിരുവനന്തപുരം വെള്ളയമ്പലം വാട്ടർ വർക്സ് സ്വിമ്മിംഗ് പൂൾ, തിരുവനന്തപുരം ജില്ലയിലെ പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ എന്നിവയാണ്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാക്കും. |

| | | |
|---|---|---|
| (സി) സംസ്ഥാനത്തെ സ്പോർട്ട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ആലപ്പുഴയിലെ അന്താരാഷ്ട്ര നീന്തൽ കുളത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | സി) | ഉണ്ട്. ഇതിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ടെൻഡർ വിളിച്ച് മെസ്സേഴ്സ് ആർ.കെ.എൻജിനീയേഴ്സ്, പാലക്കാടിനെ കരാർ ഏല്പിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത സ്റ്റേഡിയത്തിൽവച്ച് എത്ര ദേശീയ മത്സരങ്ങൾ നടത്തിയിട്ടുണ്ട്; | ഡി) | ജില്ലാ സംസ്ഥാന തല മത്സരങ്ങൾ മാത്രമേ ഇവിടെ വച്ച് നടത്തിയിട്ടുള്ളു. ദേശീയ മത്സരങ്ങൾ നടത്താനുള്ള നിലവാരം ഇപ്പോൾ ഈ സ്റ്റേഡിയത്തിനില്ല. |
| (ഇ) ദേശീയ ഗെയിംസുമായി ബന്ധപ്പെടുത്തി, ആലപ്പുഴ അന്തർദേശീയ നീന്തൽ കുളം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) | 35-ാം ദേശീയ ഗെയിംസിന്റെ ഇനങ്ങളും വേദികളും ഇതിനകം തന്നെ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വേദികളിൽ ആലപ്പുഴയിലെ അന്താരാഷ്ട്ര നീന്തൽക്കുളം ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 226 — 08.07.2010 ൽ മറുപടിക്ക്

**അക്വാശ്രീ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ | | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് അക്വാശ്രീ (സ്റ്റേററ് എ റഫറൽ ഇൻസ്റ്റിററ്യൂട്ട്)പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഇൻസ്റ്റിററ്യൂട്ടിൻെറ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | സംസ്ഥാനത്ത് അക്വാശ്രീ (സ്റ്റേററ് റഫറൽ ഇൻസ്റ്റിററ്യൂട്ട്)പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അക്വാശ്രീ ലാബിൻെറ പ്രവർത്തനലക്ഷ്യങ്ങൾ ചുവടെപ്പറയുന്നു.<br>I കേരള ജല അതോറിററിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ലാബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക<br>II. ജല ഗുണ നിലവാര പരിശോധനയ്ക്കായി അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാക്കുക |
| ബി | എല്ലാ ജില്ലകളിലും ജലഗുണ നിലവാര പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; ഈ ലാബുകളുടെ പ്രവർത്തന രീതി വെളിപ്പെടുത്തുമോ ; | ബി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരളാ ജല അതോറിററിയുടെ ജല ഗുണ നിലവാര പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>കേരളാ ജല അതോറിററിയുടെ കുടിവെള്ള വിതരണ പദ്ധതികളിൽക്കൂടി വിതരണം ചെയ്യുന്ന കുടിവെള്ളം വിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ നിന്നും ജില്ലാഗുണ നിലവാര പരിശോധനാ ലാബിൻെറ ചുമതലയുള്ള ഉദ്യോഗസ്ഥർ ശേഖരിയ്ക്കുകയും, വിവിധ പരിശോധനകൾക്ക് വിധേയമാക്കി ഗുണനിലവാരം കണ്ടുപിടിക്കുകയും ചെയ്യുന്നു. പരിശോധനാവേളയിൽ ഏതെങ്കിലും ഘടകങ്ങൾ അംഗീകൃത മാനദണ്ഡങ്ങളിൽ കൂടുതലാണെന്ന് |

ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം പദ്ധതിയുടെ മേൽനോട്ട പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരെ അറിയിയ്ക്കുകയും പരിഹാര നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ഇതിനു പുറമെ പൊതുജനങ്ങൾക്ക് നിശ്ചിതഫീസ് അടച്ച് കുടിവെള്ളത്തിൻെറ സാമ്പിൾ പരിശോധിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട് .

| | | |
|---|---|---|
| സി | എല്ലാ കുടിവെള്ള പദ്ധതികളിൽ നിന്നും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിനു സാധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി കേരളാ ജല അതോറിററിയുടെ വിതരണ ശൃംഖലയിൽ നിന്നും കുടിവെള്ളം സ്വീകരിയ്ക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള ശുദ്ധജലം ഉറപ്പാക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൻെറ ഗുണനിലവാരത്തിൽ വ്യതിയാനം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കാറുണ്ട് |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 227

8.7.2010 ലെ മറുപടിയ്ക്ക്

### മെഗാഫുഡ് പ്രോസസ്സിങ്ങ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എളമരം കരീം (ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത മെഗാഫുഡ് പ്രോസസിങ്ങ് പ്രോജക്ട് സംസ്ഥാനത്ത് എവിടെ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മെഗാഫുഡ് പ്രോജക്ട് വയനാട്ടിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്.<br>ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പദ്ധതി സംബന്ധിച്ച് കേന്ദ്രം മുന്നോട്ടുവെച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെ; | ബി) 11-ാം പഞ്ചവത്സര പദ്ധതിക്കാലത്തേയ്ക്ക് മെഗാഫുഡ് പാർക്കുകൾക്കുവേണ്ടി കേന്ദ്ര സർക്കാർ പുതിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരം സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. സ്വകാര്യ സംരംഭകർ ഈ ആവശ്യത്തിനായി ഒരു Speicial purpose vehicle രൂപീകരിക്കുകയും കുറഞ്ഞത് 51ശതമാനം മൂലധനം കണ്ടെത്താൻ തയ്യാറാകുകയും ചെയ്യുന്ന പക്ഷം കേന്ദ്ര സർക്കാർ പദ്ധതിയ്ക്ക് 50 കോടിരൂപ ധനസഹായം നൽകുന്നതാണ്. |

ഈ SPVയിൽ മൂന്ന് വ്യവസായ സംരംഭകർ കുറഞ്ഞത് ഉണ്ടായിരിക്കണം.

(സി) ഇതുമായി ബന്ധപ്പെട്ട് ഒരു സംരംഭകമീറ്റ് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരുന്നോ;

സി) കിനാലൂരിൽ ഫുഡ് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു സംരംഭക മീറ്റിംഗ് നടത്താൻ കിൻഫ്ര തീരുമാനിച്ചിരുന്നു.

(ഡി) എങ്കിൽ പിന്നീടതു മാറ്റിവെക്കുകയുണ്ടായോ; മീറ്റ് വീണ്ടും വിളിച്ച് ചേർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്ന്;

ഡി) സംരംഭക മീറ്റിൽ പങ്കെടുക്കേണ്ടിയിരുന്ന കേന്ദ്ര മന്ത്രിയുടെ അസൗകര്യം മൂലം യോഗം മാറ്റിവയ്ക്കുകയുണ്ടായി. ബഹു: മന്ത്രിയുടെ സൗകര്യാർത്ഥം യോഗം വീണ്ടും നടത്തുന്നതാണ്.

(ഇ) കിനാലൂരിൽ തന്നെ മലേഷ്യൻ കമ്പനിയുടെ ഒരു സാറ്റ്ലൈറ്റ് സിറ്റി പദ്ധതി സർക്കാർ വിഭാവനം ചെയ്തിരുന്നോ;

എഫ്) എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നു വിശദമാക്കുമോ?

ഇ)യും എഫ്) ഉം, കിനാലൂരിൽ വ്യവസായം തുടങ്ങുന്നതിന് ഒരു മലേഷ്യൻ കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രം ഇപ്പോൾ നിലവിലില്ല.

Rajesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.228 | 08 -07 -2010 - ൽ മറുപടിയ്ക്ക് |

ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ. എസ് രാജേന്ദ്രൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തന രഹിത മായിരുന്ന ആശുപത്രികൾ പിന്നീട് തുറക്കുന്നതിനും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (എ) | പല ആശുപത്രികളിലും പ്രവർത്തന രഹിതമായിരുന്ന പ്രസവ ശുശ്രൂഷാ വിഭാഗം, ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.പി.വിഭാഗം തുടങ്ങിയവ പ്രവർത്തിച്ചു തുടങ്ങുന്നതിന് സാധിച്ചി ട്ടുണ്ട്. പാലക്കാട് അട്ടപ്പാടിയിൽ ട്രൈബൽ ഡിപ്പാർട്ട്മെൻറ് പണികഴി പ്പിച്ച് ആരോഗ്യ വകുപ്പിന് കൈമാറിയ ആശുപത്രിയും, വയനാട് നല്ലൂർ നാടിൽ പ്രവർത്തിച്ചുവന്നിരുന്ന ട്രൈബൽ ഡെവലപ്മെൻറ് ഡിപ്പാർട്ട് മെൻറിൻെറ ആശുപത്രിയും ആരോഗ്യ വകുപ്പിന് കൈമാറിയത് സ്ഥിരം സ്റ്റാഫിൻെറ തസ്തിക സൃഷ്ടിച്ച് പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചി ട്ടുണ്ട്. സ്ഥിരം ഡോക്ടർമാരുടെ അഭാവത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയാതിരുന്ന പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുക വഴിയും സി.ആർ.എസ്/ എൻ.ആർ.എച്ച്.എം. വഴി ഡോക്ടർ മാരെ നിയമിച്ചും നല്ല രീതിയിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചി ട്ടുണ്ട്. നാല് വർഷം മുമ്പ് 40 |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ മാത്രമാണ് പ്രസവ ശുശ്രൂഷ നടന്നിരുന്നതെങ്കിൽ ഇപ്പോൾ 140 ആശുപത്രികളായി ഉയർന്നിട്ടുണ്ട്. |
| (ബി) | ജീർണ്ണാവസ്ഥയിലുള്ള ആശുപത്രി കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (ബി) | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പഴയ ആശുപത്രി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും ആരോഗ്യ വകുപ്പിലെ പ്ലാൻ ഫണ്ട്, ക്യാപിറ്റൽ ഹെഡ് നോൺപ്ലാൻ ഫണ്ട്, എന്നിവ ഉപയോഗിച്ചും സുനാമി പുനരധിവാസ പദ്ധതി, എൻ.ആർ.എച്ച്.എം., അസറ്റ് മെയിൻറനൻസ് ഗ്രാൻറ്, നബാർഡ് സ്കീം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങി വിവിധ സ്കീമുകളിലൂടെയും നടത്തിവരുന്നു. 110 സി.എച്ച്.സി.കളുടെ അടിസ്ഥാന സൗകര്യങ്ങൾ ദേശീയ പൊതുജനാരോഗ്യമാനദണ്ഡമനുസരിച്ച് ഉയർത്തി. തീരപ്രദേശത്തെ 126 ആശുപത്രികൾ സുനാമി പുനരധിവാസ ഫണ്ട് ഉപയോഗിച്ച് നവീകരിച്ചു. കൂടാതെ ജില്ല, താലൂക്ക്, ജനറൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു. |
| (സി) | ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ആശുപത്രി വികസന സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ? | (സി) | എല്ലാ ജില്ലകളിലും ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ആശുപത്രി വികസന സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. |

Gopalakumar

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:229** **08/07/2010-ൽ മറുപടിക്ക്**

## കൈത്തറിമേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ബൗദ്ധിക സ്വത്ത് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. കെ. ബാബു | ശ്രീ. എളമരംകരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ തനതായ ഉൽപ്പന്നങ്ങൾക്ക് ബൗദ്ധിക സ്വത്ത് പദവി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) കൈത്തറി മേഖലയിലെ തനതായ ഉല്പ്പന്നങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശ പദവി സംരക്ഷിക്കുന്നതിനു വേണ്ടി അപേക്ഷകൾ തയ്യാറാക്കി നൽകാൻ കേന്ദ്രസർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. |
| (ബി) ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ നിയമപ്രകാരം ഏതൊക്കെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഇത്തരം ബൗദ്ധിക സ്വത്തവകാശ പദവി ലഭ്യമാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്; | (ബി) കേരളത്തിലെ പ്രമുഖ കൈത്തറി ബ്രാൻഡുകളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, കുത്താംപുള്ളി ഹാന്റ്ലൂം എന്നിവ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ ആക്ട് വഴി രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) ബാലരാമപുരം സാരിക്ക് ഇത്തരം ബൗദ്ധിക സ്വത്തവകാശ പദവി ലഭ്യമായിട്ടുണ്ടോ; | (സി) ഉണ്ട്. 19/1/2009 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഭൗമ സൂചക രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്. |

(ഡി) ഈ പദവി ലഭിക്കുക വഴി ഈ ഉൽപ്പന്നത്തിന്റെ നിർമ്മാണത്തിനും വിപണനത്തിനും എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രേഷനുള്ള വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് വൻതോതിൽ വിപണനശേഷി ഉണ്ട്. ഇതിനെ ഉപയോഗപ്പെടുത്തുന്നതിന് ഇതര മേഖലകളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ വ്യാജമായി ഈ മുദ്രകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഭൗമ സൂചക രജിസ്ട്രേഷൻ ലഭിച്ച ഒരു ഉൽപ്പന്നത്തെ ഇത്തരത്തിൽ വ്യാജമായി നിർമ്മിക്കുന്നതും പകർത്തുന്നതും കർശനമായി തടയുന്നു. അതുവഴി യഥാർത്ഥ ഉല്പന്നത്തിനു വിപണി ലഭ്യമാകുന്നു. ഭൗമ സൂചക മുദ്രയുടെ ജനപ്രീതി യഥാർത്ഥ ഉല്പന്നത്തിനു മാത്രം ഉപയോഗിക്കുവാൻ കഴിയുന്നതുവഴി ഈ ഉല്പന്നങ്ങളുടെ വിപണനശേഷി വൻതോതിൽ വർദ്ധിക്കാൻ കാരണമാകുന്നു.

(ഇ) ഈ മേഖലയിലെ ഇനിയും ഏതൊക്കെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഈ പദവി ലഭിക്കാൻ അപേക്ഷ നൽകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

(ഇ) ചേന്ദമംഗലം ഹാന്റ്ലൂം ഉല്പ്പന്നങ്ങൾക്ക് ഈ പദവി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 230 — 08-07-2010 —ൽ മറുപടിക്ക്

## മോഡൽ ഡെവലപ്മെന്റ് ഏരിയ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ
ശ്രീ. ബാബു പോൾ
ശ്രീ. കെ. രാജു
ശ്രീ. പള്ളിപ്രം ബാലൻ

എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ വികസന ഏരിയകൾ ഏതെല്ലാം; ഇവയെ മോഡൽ ഡെവലപ്മെന്റ് ഏരിയകളായി മാറ്റുന്നതിനുദ്ദേശിക്കുന്നുണ്ടോ;

**മറുപടി**

ശ്രീ. എളമരം കരീം
(ബഹു: വ്യവസായ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ 16 വ്യവസായ വികസന ഏരിയകൾ ആണ് നിലവിലുള്ളത്. അവ താഴെ പറയുന്നവയാണ്.

1. വേളി - തിരുവനന്തപുരം
2. കൊല്ലകടവ് - മാവേലിക്കര
3. പുന്നപ്ര - ആലപ്പുഴ
4. കയർ പാർക്ക് I - ചേർത്തല
5. കയർ പാർക്ക് II - ചേർത്തല
6. കെമിക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - അരൂർ
7. അരൂർ - അരൂർ
8. മുട്ടം - തൊടുപുഴ
9. ആലുവ - എറണാകുളം
10. എടയാർ - എറണാകുളം
11. അങ്കമാലി - എറണാകുളം
12. വാഴക്കുളം - എറണാകുളം
13. കഞ്ചിക്കോട് } പാലക്കാട്
14. ഉമ്മിണിക്കുളം } പാലക്കാട്
15. കപ്പൂർ } പാലക്കാട്
16. അനന്തപുരം - കാസർഗോഡ്.

മേല്പറഞ്ഞവയിൽ വേളി, അരൂർ, എടയാർ, കഞ്ചിക്കോട് എന്നിവ മോഡൽ ഡെവലപ്മെന്റ് ഏരിയകളാക്കാൻ നടപടിയെടുത്തു കഴിഞ്ഞു.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; | ബി) ടി നാല് പദ്ധതികൾക്കും സർക്കാർ വിഹിതമായി 5,89,48,000/- രൂപയും ഗുണഭോക്തൃ വിഹിതമായി 1,76,84,400 രൂപയും ഉൾപ്പെടെ ആകെ 7,66,32,400/- രൂപയുടെ പദ്ധതിക്കാണ് അനുവാദം നൽകിയിട്ടുള്ളത്. |
| സി) ഇവയെ മോഡൽ ഡവലപ്മെന്റ് ഏരിയകളാക്കുന്നത് കൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) മോഡൽ ഡെവലപ്മെന്റ് ഏരിയകൾ ആക്കുന്നതുവഴി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭകർക്ക് പ്രവർത്തിക്കുന്നതിനുള്ള അനുകൂല സാഹചര്യം ലഭിക്കുന്നതിനും, ടി വികസന ഏരിയകളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) പ്രസ്തുത ഏരിയകളിൽ ബഹുനില ഇൻഡസ്ട്രിയൽ ശാലകൾ സ്ഥാപിക്കുന്നുണ്ടോ; ഇതുകൊണ്ടുള്ള പ്രയോജനം വ്യക്തമാക്കുമോ? | ഡി) എറണാകുളം ജില്ലയിലെ എടയാർ വ്യവസായ ഏരിയയിൽ 4.5 കോടി രൂപ മുതൽ മുടക്കി ബഹുനില ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ തൃശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് ഒരു ബഹുനില ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് 15 കോടി രൂപ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി സ്ഥലപരിമിതിയുള്ള സംസ്ഥാനത്ത് കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. തൃശൂരിൽ സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റിലും ബഹുനില ശാല സ്ഥാപിക്കുന്ന കാര്യം സിഡ്കോ പരിഗണിച്ചുവരികയാണ് എന്ന് അറിയിച്ചിട്ടുണ്ട്. |

Hari B.V.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 231

08.07.2010-ൽ മറുപടിക്ക്.

## കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. സി.എം. ദിനേശ്മണി :<br>ശ്രീ. കെ.കെ. ദിവാകരൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>(ബി) പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നുണ്ടോ ; | (എ)-യും (ബി)-യും.<br><br>കേരള സർക്കാർ 2010-2011 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി ഈ പദ്ധതിയുടെ സാധ്യതാ പഠനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) പ്രോജക്ടിന്റെ നോഡൽ ഏജൻസി ആരാണ് ; | (സി) കെ.എസ്.ഐ.ഡി.സി. |
| (ഡി) വ്യവസായ ഇടനാഴി പ്രോജക്ടിൽ ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യമാണ് പരിഗണനയിലുള്ളത് ; | (ഡി) സാധ്യതാ പഠനത്തിനുശേഷം മാത്രമേ കൂടുതൽ കാര്യങ്ങൾ പറയാനാവുകയുള്ളു. |
| (ഇ) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.232 — 8.7.2010ൽ മറുപടിയ്ക്ക്

ലൈംഗിക ചൂഷണത്തിന് വിധേയരായ ആദിവാസി സ്ത്രീകളെ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.ബി.രാഘവൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ലൈംഗിക ചൂഷണത്തിന് വിധേയരായ ആദിവാസി സ്ത്രീകളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ)യും (ബി)യും | ലൈംഗിക ചൂഷണത്തിന് വിധേയരായ ആദിവാസി സ്ത്രീകളെ സംരക്ഷിക്കുന്നതിനായി "സ്നേഹസ്പർശം" എന്ന പദ്ധതി സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ലൈംഗിക ചൂഷണത്തിന് വിധേയരായ ആദിവാസികളായ അവിവാഹിത അവസ്ഥയിൽ ഉള്ള അമ്മമാർക്ക് പ്രതിമാസം 300/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി 1.1.2010 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു. |
| (ബി) | ഇവർക്കായി സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | അവിവാഹിതരായിരിക്കെ അമ്മമാരായ ആദിവാസി സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി | (സി) | "സ്നേഹസ്പർശം" പദ്ധതി പ്രകാരം വയനാട് ജില്ലയിലെ 170 പേർക്ക് മേയ് മാസം വരെയുള്ള ധനസഹായം |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | നൽകി കഴിഞ്ഞു. ഇവർക്ക് ജൂൺമാസത്തെ ധനസഹായം ഇലക്ട്രോണിക് മണിയോർഡർ ആയി അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള ജില്ലയിലെ അർഹരായവർക്കും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | പദ്ധതിയുടെ ആനുകൂല്യം എത്രപേർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വയനാട് ജില്ലയിലെ 170 പേർക്ക് ഇതിന്റെ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നു. |

R. Vijayesh

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 233 08.07.2010-ൽ മറുപടിക്ക്

## ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള ദ്രുതകർമ്മ സേനയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ. അച്ചുതൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിനും ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. ഇതിനായി രൂപീകരിച്ചിട്ടുള്ള ബ്ളൂ ബ്രിഗേഡ് സംവിധാനം തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നി സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇത്തരം ദ്രുതകർമ്മ സേനയുടെ പ്രവർത്തനം എന്നു മുതലാണ് ആരംഭിച്ചത് ; | (ബി) | തിരുവനന്തപുരം - 2/2009<br>കൊല്ലം - 6/2009<br>കൊച്ചി - 8/2009<br>കോഴിക്കോട് - 10/2009 |
| (സി) | ഇപ്പോൾ ഇത്തരത്തിലുള്ള കർമ്മസേനകൾ എവിടെയൊക്കെയാണ് പ്രവർത്തിച്ചു വരുന്നത് ; | (സി) | ബ്ളൂ ബ്രിഗേഡ് സംവിധാനം ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നി സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | ഇത്തരം പ്രത്യേക വിഭാഗത്തിന്റെ കാര്യക്ഷമത നിരീക്ഷിക്കുന്നതിനും, നിർദ്ദേശങ്ങൾ നൽകാനും ഉന്നതാധികാര സമിതി പ്രവർത്തിക്കുന്നുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | തലസ്ഥാന നഗരി ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിൽ അടിക്കടി പല കാരണങ്ങളാൽ ജലവിതരണം മുടങ്ങുന്നത് തടയാൻ ഇത്തരം ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234 | 08.07.2010-ൽ മറുപടിയ്ക്ക് |
|---|---|

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ പി.എം.എസ്.എസ്.വൈ പദ്ധതിയിൽപ്പെടുത്തി 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മെഡിക്കൽ ലാബ് ടെക്നോളജി ബ്ലോക്ക്, ഗോൾഡൻ ജൂബിലി ബ്ലോക്ക്, ഒ.പി.ഡി.ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളായ കാത്ത് ലാബ്, സി.റ്റി.സ്കാനർ, എം.ആർ.ഐ.സ്കാനർ, അനസ്തേഷ്യാ മെഷീൻ, ഹൈറസല്യൂഷൻ ക്യാമറാ, ഇൻഫ്യൂഷൻ പമ്പ്, സിറിഞ്ച് തുടങ്ങിയവ വാങ്ങി. വേസ്റ്റ് മാനേജ്മെൻറ്, വാട്ടർ സപ്ലൈ, മാനവശേഷി വികസനം തുടങ്ങിയ പ്രവർത്തനങ്ങളും നടക്കുന്നു. |
| (ബി) | വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 104 (നൂറ്റിനാല്) കോടി രൂപയും കണ്ണാശുപത്രിക്ക് 84(എൺപത്തിനാല്) ലക്ഷം രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവിടെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത്; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 2 ഐ.സി.യൂണിറ്റുകൾ, 8 ഓപ്പറേഷൻ തീയ്യേറ്ററുകൾ, 250 ഓളം രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള വാർഡുകളും 6 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉൾപ്പെടുന്ന ബ്ലോക്ക് ,മെഡിക്കൽ ലബോറട്ടറി ടെക്നോളജിക്കു വേണ്ടിയുള്ള ബ്ലോക്ക്, നേഴ്സിംഗ് പി.ജി.ബ്ലോക്ക്, സെൻട്രൽ ലാബ്, എസ്.എ.റ്റി. ആശുപത്രിയിലെ ഗോൾഡൻ ജൂബിലി ബ്ലോക്ക്, പുതിയ ഒ.പി.ബ്ലോക്ക് എന്നിവയുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. |
| (ഡി) | ചികിത്സയ്ക്കാവശ്യമായ എന്തെല്ലാം അത്യാധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ? | (ഡി) | കാത്ത് ലാബ് യൂണിറ്റ്, വെൻറിലേറ്ററുകൾ, എം.ആർ.ഐ.സ്കാനർ, സി.റ്റി.സ്കാനർ, മോണിറ്ററിംഗ് ഉപകരണങ്ങൾ, ഇൻട്രാ ഓപ്പറേറ്റീവ് അൾട്രാസൗണ്ട് സ്കാനർ, മൈക്രോസ്കോപ്പുകൾ, മറ്റു പഠനോപകരണങ്ങൾ, അനസ്തേഷ്യാ മെഷിൻ, ഹൈറസല്യൂഷൻ ക്യാമറ, ഇൻഫ്യൂഷൻ പമ്പ്, തുടങ്ങിയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 235

08.07. 2010 - ൽ
മറുപടിയ്ക്ക്

## ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. പി. കൃഷ്ണപ്രസാദ് എം.എൽ.എ.
" എ.എം. യൂസഫ് "
" സാജു പോൾ "
" ബി.ഡി. ദേവസ്സി "

ഉത്തരം

ശ്രീ. എളമരം കരീം
(ബഹു. വ്യവസായ വകുപ്പ് മന്ത്രി)

(എ) ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10 യന്ത്രവൽക്കൃത കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. 20 എണ്ണം പുതുതായി തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം 1500 പേർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്.

മുള ഉപയോഗിച്ച് ഫ്ലാറ്റന്റ് ബാംബൂ ബോർഡ് നിർമ്മാണം ആരംഭിക്കുകയും ഇതിന്റെ സുഗ മമായ ഉല്പാദനത്തിനുവേണ്ടി 3 ഫീഡർ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. കൂടാതെ നാദാപുരത്ത് ഒരു പുതിയ യൂണിറ്റ് ആരംഭിക്കുവാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നല്ലളത്ത് ഒരു ഫ്ലോറിങ്ങ് ടൈൽ ഫാക്ടറി നിർമ്മിച്ച് ഉല്പാദനം തുടങ്ങുന്നതിനുള്ള നടപടി കൾ പുരോഗമിച്ചു വരുന്നു.

ഈറ്റ വെട്ടു തൊഴിലാളികൾക്കും പനമ്പ് നെയ്ത്ത് തൊഴിലാളി കൾക്കുമുള്ള കൂലി 11.12.2006 മുതൽ 15% വർദ്ധിപ്പിച്ചു. തുടർന്ന് 11.12.2008 മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് 15% വും

| | | | |
|---|---|---|---|
| | | | പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 10% വും കൂലി വർദ്ധിപ്പിച്ചു നൽകി യിട്ടുണ്ട്.<br><br>01.10.2007- മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കി.<br>കഴിഞ്ഞ 4 വർഷമായി തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകി വരുന്നു. |
| (ബി) | ബാംബൂ ഉല്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br>സംസ്ഥാന സർക്കാരിന്റെയും, കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ, ബാംബൂ കോർപ്പറേഷൻ ഏകദേശം 370 ലക്ഷം രൂപയുടെ മുതൽ മുടക്കിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മുള ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഫ്ലാറ്റന്റ് ബാംബൂ ബോർഡിന്റെ നിർമ്മാണം ആരംഭിക്കുകയും വിപണനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ ഫ്ലാറ്റന്റ് ബോർഡിന്റെ നിർമ്മാണത്തിനുവേണ്ട അസംസ്കൃത വസ്തുക്കൾ തയ്യാറാക്കുന്നതിനുവേണ്ടി ഫീഡർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തൊഴിലാളികളെ സംഘടിപ്പിച്ച് 'കമ്മ്യൂണിറ്റി പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ യന്ത്രങ്ങളുടെ സഹായത്തോടെ പനമ്പ് നെയ്ത്ത് നടന്നുവരുന്നു. കൂടാതെ 12 കോടി രൂപയുടെ മുതൽ മുടക്കിൽ ഫ്ലോറിംഗ് ടൈൽസ് നിർമ്മാണ പദ്ധതിയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കോർപ്പറേഷന്റെ കീഴിൽ യന്ത്രവൽകൃത പനമ്പ് നെയ് ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇത് പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ജോലിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; | (സി) | ഉണ്ട്.<br>അങ്കമാലി, പാറപ്പുറം, നെട്ടിനംപിള്ളി, മുണ്ടമറ്റം, മലയാറ്റൂർ, വടാട്ടുപാറ എന്നീ സ്ഥലങ്ങളിൽ യന്ത്രവൽകൃത നെയ്ത്ത് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ, വെളിയന്നൂർ എന്നീ സ്ഥലങ്ങളിലും യന്ത്രവൽക്കൃത കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ നന്നായി പ്രവർത്തിക്കുന്നു.<br>യന്ത്രവൽക്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചത് വഴി നെയ്ത്ത് |

തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. യന്ത്രവൽക്കൃത നെയ്ത്ത് കേന്ദ്രങ്ങളിൽ ഈറ്റ മുടക്കം കൂടാതെ നൽകുന്നതിനും, നെയ്ത്ത് തൊഴിലാളികൾക്ക് മുഴുവൻ ദിവസവും തൊഴിൽ നൽകുവാനും കോർപ്പറേഷൻ ശ്രദ്ധിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈറ്റ വെട്ടുകാർക്കും പനമ്പ് നെയ്ത്തുകാർക്കും ഭേദപ്പെട്ട കൂലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഈറ്റ വെട്ടു തൊഴിലാളികൾക്കും പനമ്പ് നെയത്ത് തൊഴിലാളി കൾക്കും 11.12.2006 മുതൽ 15% കൂലി വർദ്ധിപ്പിച്ചു. തുടർന്ന് 11.12.2008 മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് 15% വും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 10% വും കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.<br><br>01.10.2007- മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കുകയും ചെയ്തി ട്ടുണ്ട്. |
| (ഇ) | കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കു ന്നത്; എങ്കിൽ വിശദാംശം നൽകുമോ ? | (ഇ) | സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ലാഭത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു. |

| | | ലാഭം |
|---|---|---|
| 2007-08 | - | 21.38 ലക്ഷം |
| 2008-09 | - | 16.20 " |
| 2009-10 | - | 85.03 " |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 236

08.07.2010-ൽ
മറുപടിക്ക്.

## കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. അബ്ദുറബ്ബ് :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി സംസ്ഥാന ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. തമിഴ്നാട്ടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ പുരോഗതികൾ വെളിപ്പെടുത്താമോ ; | (ബി) ഉന്നതതല ചർച്ചകൾക്കായി തമിഴ്നാട് സർക്കാരിന് കത്തയച്ചിട്ടുണ്ട്. |
| (സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ? | (സി) കേരള സർക്കാർ ഇപ്പോഴത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി ഈ പദ്ധതിയുടെ പ്രാഥമിക പഠനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 237 | 08.07.2010 -ൽ മറുപടിയ്ക്ക് |
|---|---|

എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി..പി. മുഹമ്മദ്:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. ടി.എൻ. പ്രതാപൻ:<br>ശ്രീജോർജ്ജ് മേഴ്സിയർ: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസ ത്തിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വ്യക്തമാക്കുമോ; | (എ) | തൃപ്തികരമാണ്. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) & (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിലവിൽ സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭ്യമാക്കാനും വൈകല്യം ബാധിച്ചവർക്ക് ചലന, ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ നല്കി പുനരധിവസിപ്പിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സാശ്വാസപദ്ധതികൾ നടപ്പാക്കാനായി ഒരു സർക്കാർ അംഗീകൃത സെൽ പ്രവർത്തിക്കുന്നു. താഴെപറയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | സൗജന്യ ചികിത്സാ സഹായം ഇപ്പോൾ ലഭ്യമാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | | 1. എൻഡോസൾഫാൻ മൂലം രോഗം ബാധിച്ച് മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 50,000 രൂപ വീതം സാമ്പത്തിക സഹായം നല്കി.<br>2. രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കി വരുന്നു. ആയുർവേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും മറ്റ് വിദഗ്ദ്ധരും അടങ്ങുന്ന മൊബൈൽ ടീം ദുരിതബാധിത പ്രദേശങ്ങളിലെ ആശുപത്രികളും അവശരായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നല്കി വരുന്നു.<br>3. ദുരിതബാധിതരിൽ ശാരീരിക വൈകല്യമുള്ള ആളുകൾക്ക് ആവശ്യമായ ദൃശ്യ, ശ്രാവ്യ, ചലനോപകരണങ്ങൾ എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് മെഡിയേഷൻ സെൽ മുഖാന്തിരവും സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരവും നല്കിയിട്ടുണ്ട്.<br>4. ദീർഘകാലം മരുന്നു കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആവശ്യമായ മരുന്ന് അതാത് പ്രദേശങ്ങളിലെ പ്രാഥമിക/സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്നു. എൻഡോസൾഫാൻ ബാധിച്ച് ശയ്യാവലംബരായവരുടെ പരിചാരകർക്ക് മറ്റു ജോലികൾ ചെയ്ത് ജീവിക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ഈ പരിചാരകർക്ക് പ്രതിമാസം 250/- രൂപ നല്കുവാൻ സർക്കാർ 'ആശ്വാസകിരണം' എന്ന പദ്ധതിയിലൂടെ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി 2010 മേയ് മാസം 21-ാം തീയതി കാസർഗോഡ് വച്ച് ഉദ്ഘാടനം ചെയ്തു. പദ്ധതിക്ക് 01.01.10 മുതൽ പ്രാബല്യം നല്കിയിട്ടുണ്ട്. അർഹരായ 203 പേർക്ക് |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ സഹായം നല്കുന്നു. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ നൂതന പദ്ധതിയായ 'താലോലം' പ്രകാരം 18 വയസ്സിനു താഴെയുള്ള എൻഡോസൾഫാൻ കീടിനാശിനി ഉപയോഗത്തെ തുടർന്ന്, രോഗബാധിതരായവരുടെ രോഗങ്ങൾ ചികിത്സിക്കുന്നതിന് സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്നു. ഇതിന് പുറമേ രോഗബാധിതർക്ക് പ്രതിമാസം 400 രൂപ പ്രത്യേക സഹായം കൂടി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതോടെ രോഗബാധിതർക്കും പരിചരണം നൽകുന്നവർക്കുമായി 1000 രൂപ വീതം സഹായം ലഭിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് എൻഡോസൾഫാൻ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | 31.10.06 -ലെ 1311 -ാം നമ്പർ നോട്ടിഫിക്കേഷൻ (ഗസറ്റ് ഓഫ് ഇന്ത്യ) പ്രകാരം കേരള സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 238

8.7.2010-ൽ മറുപടിക്ക്

**ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഐ.എസ്.ആർ.ഒ-യുടെ സഹായത്തോടെ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദനം ആരംഭിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; | (എ) ടൈറ്റാനിയം സ്പോഞ്ച് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. പദ്ധതിക്ക് ആവശ്യമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എഴുപതുശതമാനവും പൂർത്തിയായി. പദ്ധതിയ്ക്കാവശ്യമായ തദ്ദേശവും വിദേശനിർമ്മിതവുമായ യന്ത്രസാമഗ്രികൾ മുഴുവനും വാങ്ങുവാനുള്ള കരാർ ആയിക്കഴിഞ്ഞു. അതിൽ നല്ലൊരു ശതമാനവും പണി സ്ഥലത്ത് എത്തിച്ചേർന്നിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് മുടക്കുന്നത്; | (ബി) 143.11 കോടി രൂപയാണ് പുതുക്കിയ മൂല്യനിർണ്ണയ പ്രകാരം ചിലവ് പ്രതീക്ഷിക്കുന്നത്. |
| (സി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയും; | (സി) പുതുക്കിയ പട്ടിക പ്രകാരം 2010 ഡിസംബർ മാസം പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) ഈ പദ്ധതി മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഭാരതം ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്ന ഏഴാമത്തെ രാജ്യമായി മാറും. അതുവഴി നമ്മുടെ ബഹിരാകാശ ആവശ്യങ്ങൾക്കായി അന്യ രാജ്യങ്ങളെ ടൈറ്റാനിയം സ്പോഞ്ചിനായി ആശ്രയിക്കുന്നത് ഒഴിവാക്കാൻ കഴിയും. ടൈറ്റാനിയത്തിൽ അധിഷ്ഠിതമായ ലോഹ സങ്കരങ്ങൾ നിർമ്മിക്കാൻ ഇത് ഉപകരിക്കും. ഏകദേശം 75 പേർക്ക് നേരിട്ടും അതിൽ കൂടുതൽ ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 239** **8/07/2010-ൽ മറുപടിക്ക്**

## കൈത്തറി യൂണിഫോം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) സുവർണ്ണ കേരളം പദ്ധതിയോടനുബന്ധിച്ചുള്ള കൈത്തറി യൂണിഫോം പദ്ധതി എന്നാണ് സർക്കാർ ആവിഷ്ക്കരിച്ചത്; | (എ) 8/1/2007-ൽ |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (ബി (1) കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് കണ്ടെത്തി ധന സഹായം നൽകുന്ന സംഘങ്ങൾക്ക് ആധുനിക രീതിയിലുള്ള ഡിസൈൻ നൽകുക.<br>(2) സംഘങ്ങൾക്ക് ആവശ്യമായ നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.<br>(3) ഉൽപാദനത്തിനാവശ്യമായ സാങ്കേതികസഹായം നെയ്ത്തുകാർക്ക് നൽകുക. അവർ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുക. |

(4) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നെയ്ത്തുകാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ മാരെ കരാർ അടിസ്ഥാന ത്തിൽ റ്റി പി ഡി സി നിയമിക്കുക.

(5) ന്യൂപ്രൊഡക്ഷൻ പ്രോഗ്രാ മിനെ തുടർന്ന് ആഴ്ചയിൽ ഒരു ദിവസം സ്കൂൾ കുട്ടിക ൾക്ക് യൂണിഫോം പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കുക.

(6) ഹാന്റക്സ്, ഹാൻവീവ് മറ്റ് ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സംഘങ്ങൾക്ക് നൽകുക.

(7) സംഘങ്ങളുടെ ഉൽപന്നങ്ങ ങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തെ വിവിധ മേഖ ലകളിൽ മാർക്കറ്റിംഗ് കോംപ്ലക്സ് തുടങ്ങുവാ നുള്ള അനുമതി റ്റി പി ഡി സിക്ക് നൽകുക മുതലായവ യാണ് ഉദ്ദേശലക്ഷ്യങ്ങൾ.

(സി) പ്രസ്തുത പദ്ധതി കേരളത്തിലെ കൈത്തറി മേഖലയ്ക്ക് എത്ര ത്തോളം ഗുണപ്രദമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ. ;

(സി) കൈത്തറി യൂണിഫോം പല സ്കൂളുകളിലും ഉപയോഗിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുവാൻ കഴിഞ്ഞു. ഫാക്ടറി ടൈപ്പ് സഹക രണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനുള്ള സഹായം പല സംഘങ്ങൾക്കും നൽകിക്കൊ ണ്ടിരിക്കുകയാണ്. ഇതിന്റെ ഫല മായി കൈത്തറി സംഘങ്ങളെ സ്കൂൾ യൂണിഫോം ഉല്പാദന ത്തിന് സജ്ജമാക്കാൻ കഴിഞ്ഞു.

| | |
|---|---|
| (ഡി) ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഏതെങ്കിലും തരത്തിലുള്ള പാളിച്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) സ്കൂൾ യൂണിഫോം തുണിത്തരങ്ങൾക്ക് യന്ത്രത്തറി തുണിയേക്കാൾ വിലകൂടിയതിനാൽ ഉദ്ദേശിച്ചതരത്തിൽ പല സ്കൂളുകളിലും കൈത്തറി സ്കൂൾ യൂണിഫോം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഇ) കേരളത്തിലെ കൈത്തറി മേഖലയ്ക്ക് ഗുണകരമാകുന്ന പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 08.07.2010-ൽ |
| ചോദ്യം നമ്പർ : * 240 | മറുപടിക്ക്. |

### കെ.എസ്.ഐ.ഡി.സി-യുടെ പുതിയ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. ജി. കാർത്തികേയൻ :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ. എം. മുരളി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി ഏതൊക്കെ പുതിയ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ആരോഗ്യം, ടൂറിസം, വിവര സാങ്കേതിക വിദ്യ, ലൈറ്റ് എൻജിനീയറിംഗ്, ഭക്ഷ്യ സംസ്കരണം, ബയോടെക്നോളജി എന്നീ മേഖലകൾക്കാണ് കെ.എസ്.ഐ.ഡി. സി മുൻഗണന നൽകിയിരുന്നത്. എന്നാൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന മേഖലകൾക്ക് കൂടി മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>(1) ലോജിസ്റ്റിക്സ്, (2) പശ്ചാത്തല സൗകര്യ വികസനം, (3) ഇൻഫോടെയിൻമെന്റ്, (4)നോളജ് സെന്റർ, (5) റീട്ടെയിലിംഗ് സെക്ടർ. |
| (ബി) ദൃശ്യമാധ്യമരംഗത്തിന് പ്രസക്തിയേറിയ സാഹചര്യത്തിൽ ഡിജിറ്റൽ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഏതൊക്കെ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കെ.എസ്.ഐ.ഡി.സി-ക്ക് കഴിയും എന്നാണ് കരുതുന്നത് ; | (ബി) ദൃശ്യമാധ്യമ രംഗത്തെ ഡിജിറ്റൽ ടെക്നോളജി ഇൻഫോടെയിൻമെന്റ് വിഭാഗത്തിൽ വരും. കിൻഫ്രാ ഫിലിം ആന്റ് വീഡിയോ പാർക്കിന്റെ സഹകരണത്തോടെ സിനിമാ സീരിയൽ നിർമ്മാണ മേഖലകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രോത്സാഹനം നൽകുന്ന കാര്യം കെ.എസ്.ഐ.ഡി.സി-യുടെ പരിഗണനയിലുണ്ട്. |
| (സി) തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന കിൻഫ്രായുടെ ഫിലിം ആന്റ് വീഡിയോ പാർക്കിന്റെ സഹകരണത്തോടെ സിനിമാ സീരിയൽ രംഗത്തെ പുതിയ സംരംഭങ്ങൾക്ക് ഏതൊക്കെ രീതിയിൽ പ്രോത്സാഹനം നൽകാനാവുമെന്ന് വിശദീകരിക്കുമോ ; | (സി) തിരുവനന്തപുരത്ത് കിൻഫ്ര സ്ഥാപിച്ച ഫിലിം & വീഡിയോ പാർക്ക് ഫിലിം മേഖലയുമായി ബന്ധപ്പെട്ട പ്രോസസ്സിംഗ്, എഡിറ്റിംഗ്, ഡബ്ബിംഗ്, സൗണ്ട് റെക്കോർഡിംഗ് എന്നീ മേഖലകളുടെ വികസനം ലക്ഷ്യമാക്കിയുള്ളതാണ്. ഇവ കൂടാതെ ഇൻഫോടെയിൻമെന്റ് മേഖലയ്ക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത പാർക്കിൽ ഫിലിം രംഗത്തുള്ള പ്രമുഖ സ്ഥാപനമായ പ്രസാദ് കളർ ലാബ്, ചെന്നൈ, പ്രശസ്ത നടൻ ശ്രീ.മോഹൻ ലാലിന്റെ സ്ഥാപനമായ വിസ്മയ മാക്സ് എന്ന സ്റ്റുഡിയോ തുടങ്ങിയ സ്ഥാപനങ്ങൾ വിജയകരമായി |

പ്രവർത്തിക്കുന്നുണ്ട്.

ആഗോളതലത്തിൽ ഏറെ പ്രാധാന്യം ലഭിച്ചുകൊ--ണ്ടിരിക്കുന്ന ആനിമേഷൻ ഗെയിമിംഗ് മേഖല--യുടെ പൂർണ്ണ തോതിലുള്ള പ്രയോജനം ലഭിക്കുന്നതിലേയ്ക്കായി 25 ഏക്കറിലായി ആനിമേഷൻ & ഗെയിമിംഗ് മേഖലയ്ക്കായുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്കും, പ്രസ്തുത പാർക്കിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയും കിൻഫ്ര പ്രസ്തുത സാമ്പത്തിക മേഖല വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആനിമേഷൻ & ഗെയിമിംഗ് സാമ്പത്തിക മേഖല--യിൽ തന്നെ ഒരു ലക്ഷം സ്ക്വയർ ഫീറ്റിൽ നിർമ്മിച്ച built up space-ൽ അനിമേഷൻ & ഗെയിമിംഗുമായി ബന്ധപ്പെട്ട യൂണിറ്റുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഇവ കൂടാതെ ഈ മേഖലയിലേയ്ക്കു വരുന്ന പുതിയ വ്യവസായ സംരംഭകരെ ഉദ്ദേശിച്ച് ആനിമേഷൻ & ഗെയിമിംഗ് മേഖലയുടെ ഇൻക്യുബേഷൻ സെന്റർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഇൻക്യുബേഷൻ സെന്ററിൽ ആനിമേഷൻ മേഖലയിൽ തന്നെയുള്ള M/s.Anim Studio, M/s.Bugle Bees Design Studio (P) Ltd. എന്നീ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയ്ക്കു വരുന്ന പുതിയ സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കുമെന്ന് കിൻഫ്ര കരുതുന്നു.

പ്രസ്തുത പാർക്കിലെ നിലവിലുള്ള സംവിധാനങ്ങൾ സിനിമാ സീരിയൽ രംഗത്തെ സംരംഭകർക്ക് പ്രയോജനം ലഭിക്കും വിധമാണ് ഈ പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്.

| | |
|---|---|
| (ഡി) കിൻഫ്രായുടെ കീഴിൽ ഇത്തരം പുതിയ പാർക്കുകൾ എവിടെയൊക്കെ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | (ഡി) ഫിലിം അധിഷ്ഠിത വ്യവസായങ്ങൾക്കായി പുതിയ പാർക്കുകൾ നടപ്പിലാക്കാൻ കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ